"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമന ഉത്തരവ് ലഭിച്ചവരെ സേവനത്തിൽ പ്രവേശിപ്പിക്കുന്നത് - സംബന്ധിച്ച്

**പൊതു വിദ്യാഭ്യാസ(ആർ) വകുപ്പ്**

സ.ഉ.(സാധാ) നം.3264/2021/പൊ.വി.വ   തീയതി,തിരുവനന്തപുരം, 05/07/2021

പരാമർശം:- 1 09.12.2020 ലെ GEDN-R1/272/2020-G.EDN നമ്പർ കത്ത്

2 28.06.2021 ൽ ബഹു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന വീഡിയോ കോൺഫറൻസ് യോഗത്തിന്റെ മിനുറ്റ്സ്

**ഉത്തരവ്**

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകളിലേക്ക് അധ്യാപക നിയമനത്തിനായി പി എസ് സി ശുപാർശ ലഭിച്ച അധ്യാപകർക്ക് സ്കൂളുകൾ തുറന്ന് റെഗുലർ ക്ലാസുകൾ ആരംഭിക്കുന്ന മുറക്ക് ജോലിയിൽ പ്രവേശിക്കാമെന്ന നിബന്ധനയോടെ നിയമന ഉത്തരവുകൾ നൽകാവുന്നതാണ് എന്ന് അഡ്വക്കേറ്റ് ജനറൽ ഉപദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വ്യവസ്ഥയോടെ ഹയർ സെക്കന്ററി വിഭാഗം ഉൾപ്പെടെയുള്ള അധ്യാപക തസ്തികകളിലേക്ക് നിയമന ശുപാർശ ലഭിച്ച എല്ലാവർക്കും നിയമന ഉത്തരവുകൾ നൽകാനുള്ള നിർദ്ദേശം സൂചന 1 കത്ത് പ്രകാരം നൽകുകയുണ്ടായി.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 2021-2022 അധ്യയന വർഷത്തിലും സ്കൂളുകൾ തുറന്ന് റെഗുലർ ക്ലാസുകൾ ആരംഭിക്കാനാകാത്ത സാഹചര്യത്തിൽ അധ്യാപക നിയമനം സംബന്ധിച്ച വിഷയത്തിൽ ബഹു മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 28.06.2021 ൽ വീഡിയോ കോൺഫറൻസ് മുഖേന യോഗം ചേരുകയുണ്ടായി. സൂചന 2 യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

1. സർക്കാർ സ്കൂളുകളിൽ അധ്യാപക തസ്തികകളിലും, ലാബ് അസിസ്റ്റന്റ് തസ്തികകളിലും പി .എസ്. സി അഡ്വൈസിനെ തുടർന്ന് നിയമന ഉത്തരവ് ലഭിച്ചവരെ സേവനത്തിൽ പ്രവേശിപ്പിക്കാൻ തീരുമാനിച്ചു. ഇവർ 15.07.2021 മുതൽ 22.07.2021 വരെയുള്ള ദിവസങ്ങളിൽ സേവനത്തിൽ പ്രവേശിക്കേണ്ടതാണ്. നിലവിൽ അഡ്വൈസ് മെമ്മോ ലഭിച്ചവർക്കും അടിയന്തിരമായി നിയമന ഉത്തരവ് നൽകി സേവനത്തിൽ പ്രവേശിപ്പിക്കേണ്ടതാണ്.

2.എയ്ഡഡ് സ്കൂളുകളിൽ 2019-20 സ്റ്റാഫ് ഫിക്സേഷൻ തന്നെ 2020-21, 2021-22 അധ്യയന

വർഷങ്ങളിലും തുടരും. 2021-22 അധ്യയന വർഷം പ്രാബല്യത്തിൽ വരുന്ന റഗുലർ ഒഴിവുകൾക്കെതിരെയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുവാൻ വിദ്യാഭ്യാസ ഓഫീസർമാരെ ചുമതലപെടുത്തുന്നു. അപ്രകാരം യോഗ്യരായ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് 13.08.2021 നു മുൻപായി നിയമന അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

3. ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി പുതുതായി നിയമിക്കപ്പെട്ട അധ്യാപകർക്ക് പരിശീലനം നൽകും. ആയതിനുള്ള നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ
അക്കൗണ്ടന്റ് ജനറൽ (എ &ഇ /ഓഡിറ്റ്) തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ എറണാകുളം ( ആമുഖ കത്ത് സഹിതം)

പകർപ്പ്
ബഹു മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഉത്തരവിൻ പ്രകാരം
Signed by Somaraj K G
Date: 05-07-2021 19:34:45
Reason: Approved
സെക്ഷൻ ഓഫീസർ